# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2867.    20.12.2012 –ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി സ്കൂളുകളിലെ സീറ്റ് വർദ്ധന

| | ചോദ്യം<br>ശ്രീ. കെ. എം. ഷാജി | | ഉത്തരം<br>ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എത്ര എയിഡഡ് ഹയർ സെക്കന്ററി സ്കൂളു കളിൽ ഈ വർഷം സീറ്റുകൾ വർദ്ധിപ്പിച്ച് നൽകുകയുണ്ടായി എന്ന് അറിയിക്കുമോ; | (എ) | 2012–2013 അദ്ധ്യയനവർഷം സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയിഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും മാർജിനലായി 20% സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | സീറ്റ് വർദ്ധിപ്പിക്കുന്നതിന് മാനദണ്ഡം നിശ്ച യിച്ചിരു ന്നോ; സർക്കാർ, എയ് ഡഡ് സ്കൂളുകളിൽ തുല്യ മായ വിധത്തിലാണോ സീറ്റ് വർദ്ധന അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) | ഗവൺമെന്റ്/എയിഡഡ് വ്യത്യാസമില്ലാതെയാണ് സർക്കാർ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മാർജിനലായി 20% സീറ്റ് വർദ്ധനവ് വരുത്തിയത്. |
| (സി) | അലോട്ട്മെന്റ് അവസാ നിക്കാറായപ്പോൾ എത്ര സർക്കാർ എയിഡഡ് സ്കൂളുകളിൽ എത്ര സീറ്റുകൾ വീതം വർദ്ധിപ്പിച്ച് നല്കു ന്നതിന് അപേ | (സി) | ഇതിനു പുറമേ GO(MS) No. 259/12/പൊ.വി.വ തീയതി 13/08/2012 പ്രകാരം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ ഹ്യൂമാനിറ്റീസ്,കോമേഴ്സ് ബാച്ചുകളിൽ 8 സീറ്റ് വീതവും സയൻസ് ബാച്ചിൽ മൂന്ന് സീറ്റ് വീതവും അധികമായി അനുവദിച്ചു. ഇതിനു ശേഷവും അഡ്മിഷൻ കിട്ടാത്ത വിദ്യാർത്ഥികൾ അവശേഷി ക്കുകയാണെങ്കിൽ അവർക്കുവേണ്ടി ഗവൺമെന്റ് |

| | |
|---|---|
| ക്ഷിച്ചു എന്നതിന്റെയും അത് പ്രകാരം എത്ര സീറ്റുകൾ വർദ്ധിപ്പിച്ച് നൽകി എന്നതിന്റെയും വിശദ വിവരം നല്കുമോ? | ഹയർസെക്കന്ററി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതാണെന്ന് മേൽ പറഞ്ഞ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.<br>ആയതിൻ പ്രകാരം GO (MS) No.272/12/പൊ.വി.വ തീയതി 07/09/2012 പ്രകാരം തിരുവനന്തപുരം/കോഴിക്കോട്/മലപ്പുറം ജില്ലകളിലെ 30 ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ 32 അധിക ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. |

Tamandry

**സെക്ഷൻ ഓഫീസർ.**